**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**2020 ഫെബ്രുവരി 12, ബുധൻ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**സർക്കാർ ജീവനക്കാരുടെ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി**

**ചോദ്യം : 2366**
**ശ്രീ.ടി. വി. ഇബ്രാഹിം**

**മറുപടി :**
**ഡോ. ടി.എം. തോമസ് ഐസക്ക്**
**ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി പ്രാബല്യത്തിലായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരം 01.08.2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15.07.2019 ലെ സ.ഉ(പി)നം.87/2019/ധന സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാകയാൽ പദ്ധതി ഇതുവരെ പ്രാബല്യത്തിൽ വന്നിട്ടില്ല. |
| (ബി) | ടി പദ്ധതിയിൽ ജീവനക്കാരിൽ നിന്ന് എത്ര രൂപയാണ് പ്രീമിയം തുകയായി ഈടാക്കാൻ ഉദ്ദേശിക്കുന്നത് ; അറിയിക്കാമോ; | പദ്ധതിയുടെ റീ-ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പ്രീമിയം തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ . |
| (സി) | ടി പദ്ധതി നടപ്പിലാക്കുന്നതിന് പുതിയ കമ്പനിയെ കണ്ടെത്തുന്നതിന് ടെൻഡർ നടപടി പൂർത്തീകരിച്ചോ; വിശദാംശം അറിയിക്കാമോ? | പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചു വരുന്നു. IRDAI നിബന്ധനകളുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി സുതാര്യമായ ഇ-ടെണ്ടർ മുഖേന റീ-ടെൻഡർ നടപടികളിലൂടെ മാത്രമേ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനിയെ തെരെഞ്ഞെടുക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**